(ബി) ഉണ്ടെങ്കിൽ ഏർപ്പെടുത്തിയ നികുതിയുടെ തോത് വെളിപ്പെടുത്തുമോ;

(സി) ഈ നടപടി ആഭ്യന്തര മരവ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ തന്നെ പ്രതിസന്ധിയിലായിരിക്കുന്ന മരവ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ പുതിയ നികുതി സർക്കാർ പിൻവലിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവേശന നികുതി നിരക്ക് 12.5 ശതമാനമാണ്.

(സി) ഇല്ല. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വ്യവസായത്തിനായി കൊണ്ടുവരുന്ന തടിയ്ക്ക് അടയ്ക്കുന്ന പ്രവേശന നികുതി വ്യാപാരി മാസംതോറും നൽകുവാനുള്ള നികുതിയിൽ സ്പെഷ്യൽ റിബേറ്റിംഗ് നടത്തുവാനും ബാക്കി സംഖ്യ അടയ്ക്കുവാനും വ്യവസ്ഥയുണ്ട്.

(ഡി) വളരെയധികം നികുതി വെട്ടിപ്പ് മരവ്യാപാര മേഖലയിൽ നടക്കുന്നതു കാരണം സർക്കാരിന് വൻതുകയുടെ രൂപയുടെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതിനാലാണ് തടിയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയത്. ഇക്കാരണത്താൽ പ്രവേശന നികുതി പിൻവലിക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല പ്രവേശന നികുതിയെ പറ്റി തടി വ്യാപാരികളും അവരുടെ സംഘടനകളും സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ വാണിജ്യ നികുതി, കാർഷിക നികുതി വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ

20 [1850] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വാണിജ്യ നികുതി, കാർഷിക നികുതി വകുപ്പുകളിൽ നിന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇപ്പോൾ നടക്കുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

GPM. 2/566/2012—9

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കട്ടപ്പനയിൽ വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസ് സമുച്ചയവും കോർട്ടേഴ്സുകളും പണികഴിപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ മുഴുവൻ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ലോക്കൽ ഏരിയാ നെറ്റ്വർക്കിന്റെ പണി കെൽട്രോൺ മുഖേന പൂർത്തീകരിക്കുകയും ചെയ്തു. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസും കുമിളി വിൽപ്പന നികുതി ചെക്ക് പോസ്റ്റുമായി ബന്ധിപ്പിക്കുന്ന വീസ്ഡ് ലൈൻ പണി ബി. എസ്. എൻ. എൽ. മുഖേന പൂർത്തിയായികൊണ്ടിരിക്കുന്നു. ഇന്റലിജൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 6 മൊബൈൽ ഫോണുകൾ ഇടുക്കി ജില്ലയിലെ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) വാണിജ്യ നികുതി സമുച്ചയവും 22 കോർട്ടേഴ്സുകളും പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. ലോക്കൽ ഏരിയ നെറ്റ്വർക്കിന്റെ വർക്കു തീർന്നു. ഡെപ്യൂട്ടി കമ്മീഷണർ ഓഫീസും കുമിളി ചെക്ക് പോസ്റ്റും ബന്ധിപ്പിക്കുന്ന വീസ്ഡ് ലൈനിന്റെ പണി പുരോഗമിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ

21 [1851] *ഡോ. തോമസ് ഐസക്:*

ശ്രീ. മത്തായി ചാക്കോ:

,, എം. പ്രകാശൻ മാസ്റ്റർ:

,, ടി. വി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ ലോക്കൽ ഫണ്ട് ആക്ട്, സർക്കാർ ഉത്തരവുകൾ, ഹൈക്കോടതി വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ലോക്കൽ ഫണ്ട് സ്ഥാപനങ്ങളുടെ ആഡിറ്റ് ജോലിയാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly